# പതിനാലാം കേരള നിയമസഭ
## (ഇരുപത്തിരണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1455** **18.01.2021-ൽ മറുപടിയ്ക്ക്**

**<u>മത്സ്യതൊഴിലാളികളുടെ പാർപ്പിട പ്രശ്നം</u>**

| ചോദ്യം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യതൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;<br>ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വീട് വെയ്ക്കുന്നതിനായി മത്സ്യതൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; വർഷം തിരിച്ചുള്ള വിശദാംശം നൽകുമോ? | എ) & ബി) മത്സ്യതൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

Subitha

**സെക്ഷൻ ആഫീസർ**

# അനുബന്ധം

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമായിരുന്നു. 2017-18 മുതൽ ഭവന നിർമ്മാണം ലൈഫ് പദ്ധതി വഴിയാണ് നടപ്പാക്കുന്നത്. ഭൂരഹിത ഭവനരഹിതരായ 7346 മത്സ്യത്തൊഴിലാളികളുടെ പട്ടിക ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന ഈ പട്ടിക പരിശോധന നടത്തിയപ്പോൾ 3258 പേർ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനമൊരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന 7778 പേരുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ഇതിന് പുറമെ ലൈഫ് രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട ഭവനരഹിതരായ 1448 ഗുണഭോക്താക്കളിൽ 1320 പേർ കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

2016-17 മുതൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന 25 കോടിയുടെ ഒരു പ്രത്യേക പാക്കേജ് 2016-17 വർഷം ആരംഭിച്ച് നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം ആകെ 129 പേർ സ്ഥലം വാങ്ങുകയും 119 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
2. 2016-17 ബി.ഐ.എഫ്-എച്ച്.ഡി.എഫ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം 2600 പേർക്ക് ഭവനനിർമ്മാണം ലക്ഷ്യമിടുകയും അതിൽ 2341 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2016-17 കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 216 ഭവനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ചേർന്ന് 230 ഭവനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്.
3. 2016-17-ൽ 800 ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാകൾക്കുള്ള പുനരധിവാസത്തിനായി പദ്ധതി നടപ്പാക്കുകയും ഇതിൽ 731 പേർ സ്ഥലം വാങ്ങി, 557 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
4. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് @ 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന ഘടകത്തിൽ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 176 ഗുണഭോക്താക്കളിൽ 140 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.
5. 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായമായി 10 ലക്ഷം രൂപ വീതം നൽകുന്ന ഘടകത്തിൽ 504 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും ഇതിൽ 344 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 160 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.
6. ഓഖിയിൽ വീട് നഷ്ടപ്പെട്ട 72 പേരിൽ 24 പേർ മാത്രമാണ് മാറിത്താമസിക്കുവാൻ സന്നദ്ധരായത്. അതിൽ 2 പേർ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ആയതിനാൽ ഈ പദ്ധതിയിൽ 22 പേർ മാത്രമാണ് 10 ലക്ഷം രൂപ ധനസഹായം സ്വീകരിച്ച് സുരക്ഷിത മേഖലയിൽ മാറി താമസിക്കുവാൻ തയ്യാറായത്. ഇതിൽ 20 പേർ ഭൂമി വാങ്ങി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ 2 പേർ ഭവന നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്.

തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മരണപ്പെട്ടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളിൽ 32 ഭൂരഹിത ഭവനരഹിതരായവരെ പുനരധിവസിപ്പിക്കുന്നതിന് ധനസഹായം അനുവദിച്ചതിൽ 26 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 7 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഭവനരഹിതരായ 6 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ഭവന നിർമ്മാണം പദ്ധതി തിരിച്ചുള്ള വിവരം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതി | വർഷം | ലക്ഷ്യം | കൈവരിച്ച നേട്ടം |
| 1 | ഭവന നിർമ്മാണ പദ്ധതി 2016-17 | 2016-17 | 2600 | 2341 |
| 2 | കോളനി നവീകരണം 2016-17 | 2016-17 | 250 | 216 |
| 3 | കേ ന്ദ്രാവിഷ്കൃത പദ്ധതിയുമായി ചേർന്ന് ധനസഹായം | 2016-17 | 299 | 230 |
| 4 | ഭവന നിർമ്മാണം 2017-18 | 2017-18 | 400 | 140 |
| | ആകെ | | 3555 | 2929 |

| പുനരധിവാസം പദ്ധതി തിരിച്ചുള്ള വിവരം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതി | | വർഷം | ലക്ഷ്യം | കൈവരിച്ച നേട്ടം |
| | | | | ഭൂമി വാങ്ങിയത് | ഭവന നിർമ്മാണം |
| 1 | ഭൂരഹിത ഭവന രഹിത പുനരധി വാസം | 800 | 2016-17 | 731 | 557 |
| 2 | തീരദേശത്ത് നിന്ന് പുനരധിവാസം (2017-18) | 750 | 2017-18 | 504 | 344 |
| 3 | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ട പ്പെട്ടവരുടെ പുനര ധിവാസം (അഭയം) | 248 | 2016-17 | 129 | 119 |
| 4 | ഓഖി പുനരധിവാസം | 24 | 2019-20 | 22 | 20 |
| 5 | ഓഖി പ്രത്യേക പുനരധിവാസം തിരുവനന്തപുരം | 32 | 2019-20 | 26 | 7 |
| **ആകെ** | | **1854** | | **1412** | **1047** |

7. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 105.55 ആർ സ്ഥലം ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 128 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

8. മുട്ടത്തറ വില്ലേജിൽ വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളികളെ പാർപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് 192 ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

9. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2018-19) ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ

താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്. കൂടാതെ ആലപ്പുഴ ജില്ലയിൽ മണ്ണുംപുറത്ത് 168 കുടുംബങ്ങളെ പുരധിവസിപ്പിക്കുന്നതിന് ഫ്ളാറ്റ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

അങ്ങനെ വിവിധ ജില്ലകളിലെ 8 കേന്ദ്രങ്ങളിലായി 1132 പേരെ പുനരധിവസിപ്പിക്കാൻ കഴിയുമാറ് കെട്ടിട സമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി പ്രകാരം പദ്ധതി നടപ്പാക്കി വരുന്നു.

**കെട്ടിട സമുച്ചയ നിർമ്മാണം**

| ക്രമ നമ്പർ | സ്ഥലം | ലക്ഷ്യം | അഭിപ്രായം |
|---|---|---|---|
| 1 | മുട്ടത്തറതിരുവനന്തപുരം | 192 യൂണിറ്റ് | പൂർത്തീകരിച്ചു |
| 2 | കാരോട്, തിരുവനന്തപുരം | 128 യൂണിറ്റ് | മാർച്ചിൽ പൂർത്തിയാകും |
| 3 | ബീമാപ്പള്ളി, തിരുവനന്തപുരം | 20 യൂണിറ്റ് | രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു |
| 4 | വലിയതുറ, തിരുവനന്തപുരം | 160 യൂണിറ്റ് | |
| 5 | ക്യു.എസ്സ്.എസ്സ്കോളനി, കൊല്ലം | 114 യൂണിറ്റ് | ഒന്നാം നില നിർമ്മാണം നടന്നുവരുന്നു |
| 6 | മണ്ണുംപുറം, ആലപ്പുഴ | 372 യൂണിറ്റ് | ഒന്നാം നില നിർമ്മാണം നടന്നുവരുന്നു |
| 7 | പൊന്നാനി, മലപ്പുറം | 128 യൂണിറ്റ് | ഒന്നാം നില നിർമ്മാണം നടന്നുവരുന്നു |
| 8 | ഉപ്പാലവളപ്പിൽ, കണ്ണൂർ | 18 യൂണിറ്റ് | കണ്ണൂർകോർപ്പറേഷന്റെ പദ്ധതി നിറുത്തി വയ്ക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. |
| | ആകെ | 1132 യൂണിറ്റ് | |

10. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിരുന്നു. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴവൻ ജനവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 1398 കോടി രൂപ ഉൾപ്പെടെ 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മാറിത്താമസിക്കുന്നതിന് തയ്യാറായ 9904 കുടുംബങ്ങളിൽ 1562 പേർ ഭൂമി കണ്ടെത്തുകയും 962 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 64 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പുനർഗേഹം ജില്ല തിരിച്ചുള്ള വിവരം**

| District | Target | DLAC Approved | DLMC Approved | Land Purchase | Stage 1 | Stage 2 | Completed |
|---|---|---|---|---|---|---|---|
| TVM | 3339 | 3686 | 647 | 423 | 149 | 74 | 15 |
| KLM | 1580 | 379 | 104 | 77 | 42 | 37 | 27 |
| ALP | 4660 | 1544 | 386 | 233 | 189 | 35 | 27 |
| EKM | 1618 | 195 | 33 | 11 | 3 | 2 | 6 |
| TSR | 408 | 658 | 144 | 114 | 64 | 35 | 1 |
| MALP | 1806 | 941 | 167 | 55 | 21 | 9 | 9 |
| KKD | 2609 | 244 | 45 | 21 | 20 | 9 | 1 |
| KNR | 1512 | 1568 | 36 | 28 | 16 | 3 | 2 |
| KSRD | 1153 | 689 | 0 | 0 | 0 | 0 | 3 |
| Total | **18685** | **9904** | 1562 | 962 | 504 | 204 | 64 |

Scbitha

**സെക്ഷൻ ആഫീസർ**